(ഡി) 46 കോടി രൂപ എസ്റ്റിമേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ആലുവ-അങ്കമാലി നാലുനിര റോഡ് പദ്ധതി നടപ്പാക്കുന്നതിന് കാലതാമസം ഉണ്ടാക്കിയതിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ച് വരുന്നു. അതിർത്തി അടയാളപ്പെടുത്തി ബൗണ്ടറി സ്റ്റോൺ ഇട്ട് കഴിഞ്ഞിട്ടുണ്ട്.

(ബി) ആലുവ സ്പെഷ്യൽ തഹസീൽദാർ നം.2 ഓഫീസ് മാറ്റിയിട്ടില്ല. പ്രസ്തുത ഓഫീസിലെ ഏതാനും തസ്തികകൾ 1-1-2000 മുതൽ രണ്ട് മാസത്തേക്ക് തിരുവനന്തപുരത്തേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടേയുള്ളൂ.

(സി) അനിവാര്യമായ കാലതാമസം മാത്രമേ ഉണ്ടാകാറുള്ളൂ.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്. ഭൂമി ഏറ്റെടുക്കുന്ന ജോലി മാത്രമാണ് സംസ്ഥാന സർക്കാർ നടപ്പാക്കുന്നത്.

കൂത്താട്ടുകുളം പാലം പണി

141 (1307) ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ-കോട്ടയം എം.സി. റോഡിൽ കൂത്താട്ടുകുളം ടൗണിലെ പാലം പുതുക്കിപ്പണിയുന്നതിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ, സ്പെഷ്യൽ സാങ്ഷൻ എന്നിവ എന്നാണ് നൽകിയത് ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ബി) ഈ പാലത്തിന്റെ പണി ടെണ്ടർ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പാലത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; പണി പൂർത്തിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് പൂർത്തിയായിയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 24-2-2000-ൽ നൽകി. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു*.

(ബി&സി) എം.സി. റോഡിൽ തിരക്കേറിയ കൂത്താട്ടുകുളം ടൗണിന്റെ മദ്ധ്യഭാഗത്താണ് പാലം സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് അപകടാവസ്ഥയിലുള്ള പാലത്തിന്റെ പണി ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ഡിപ്പാർട്ടുമെന്റ് നേരിട്ട് ചെയ്യുന്നതിന് തീരുമാനിക്കുകയും അതിനുള്ള നടപടികൾ തുടർന്ന് വരികയും ചെയ്യുന്നു.

ആലത്തൂർ മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

142 (1315) ശ്രീ. സി. കെ. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly